(ബി) എം. എൽ. എ. റോഡ് പദ്ധതി അനുസരിച്ച് എത്ര റോഡുകൾക്ക് ഇതുവരെയായി അനുമതി നൽകിയിട്ടുണ്ട്;

(സി) ഇതിനകം എത്ര റോഡുകളുടെ പണി ടെൻഡർ ചെയ്തിട്ടുണ്ട്;

(ഡി) ഇതിൽ എത്ര റോഡുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(ഇ) എം. എൽ. എ. റോഡുകളുടെ പണി എത്ര കാലത്തിനുള്ളിൽ തീർക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ നിർമ്മാണത്തിന് ആകെ എത്ര തുക വേണം എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ജി) എം. എൽ. എ. റോഡുകളുടെ നിർമ്മാണത്തിന് വേണ്ടി ഇതിനകം എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ):

(എ) 247.

(ബി) 177.

(സി) 123.

(ഡി) ഒന്നിൻെറയും പണി പൂർണ്ണമായും തീർന്നിട്ടില്ല.

(ഇ) ഒരു സമയ പരിധി പറയുക പ്രയാസമാണ്.

(എഫ്) ആകെ എത്ര തുക വേണ്ടിവരുമെന്ന് ഇപ്പോഴേ കൃത്യമായി പറയുക പ്രയാസമാണ്. ആരംഭിച്ചിട്ടുള്ള പണികൾക്ക് 1963 ലക്ഷം രൂപയുടെ എസ്റ്റിമേറാണുള്ളത്.

(ജി) എം. എൽ. എ. റോഡുകൾക്ക് 1985-86-ലെ ബഡ്ജറിൽ 1,86,61,900 രൂപ വക കൊള്ളിച്ചിട്ടുണ്ട്.

കൊച്ചിൻ യൂണിവേഴ്സിറ്റി

*37 [41] ശ്രീ. സി. ടി. അഹമ്മദാലി:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, എം. പി. എം. ഇസഹാക്ക് കുരിക്കൾ:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെടുന്നില്ല എന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ യൂണിവേഴ്സിറ്റി അധികൃതരുടെ മേൽ നടപടി സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) യും (ബി) യും ഇത് സംബന്ധിച്ച് ചില പരാതികൾ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന് ലഭിച്ചിരുന്നു. പരാതികളും അടിസ്ഥാനരഹിതമാണെന്ന് യൂണിവേഴ്സിറ്റി റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്.

സ്വകാര്യ വിദ്യാലയങ്ങളിലെ സ്റ്റാഫ് ഫിക്സേഷൻ

*38 [42] ശ്രീ. പി. വിജയദാസ്:
,, എ. വി. താമരാക്ഷൻ:
,, ആർ. എസ്. ഉണ്ണി:
,, കെ കൃഷ്ണൻകുട്ടി:
,, ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വിദ്യാലയങ്ങളിലെ സ്റ്റാഫ് ഫിക്സേഷൻ എന്നു പൂർത്തിയാക്കുവാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്:

(ബി) കഴിഞ്ഞ വിദ്യാഭ്യാസ വർഷംവരെ സ്വീകരിച്ച സമ്പ്രദായത്തിന് മാറ്റം വരുത്തുവാൻ സർക്കാരിനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ:

(സി) അദ്ധ്യാപക സംഘടനകളുടെ പ്രതിഷേധത്തിനിടയാക്കിയ പുതിയ സമ്പ്രദായം മാറ്റാൻ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സെപ്റ്റംബർ മാസത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) കുട്ടികളുടെ എണ്ണം എടുക്കുന്നതിന് വിദ്യാഭ്യാസ ആഫീസർമാർ നടത്തുന്ന പരിശോധന ഫലപ്രദമാകുന്നില്ല. പരിശോധന പല ദിവസങ്ങളിലായി നടത്തുന്നതുകൊണ്ട് മറ്റു സ്കൂളുകളിലെ കുട്ടികളെ കൊണ്ടുവന്ന് പരിശോധന നടത്തുന്ന സ്കൂളിൽ ഇരുത്തി കുട്ടികളുടെ എണ്ണം പെരുപ്പിച്ച് കാണിച്ച് കൂടുതൽ പോസ്റ്റുകളും ലഭ്യമാക്കിക്കുന്ന സമ്പ്രദായം വ്യാപകമായ തോതിൽ നടക്കുന്നുണ്ടെന്ന് പരാതികൾ ലഭിച്ചിരുന്നു. തൻമൂലം സർക്കാരിന് ഭീമമായ അധികച്ചെലവ് വഹിക്കേണ്ടിവന്നു. ഇതൊഴിവാക്കാനാണ് കുട്ടികളുടെ എണ്ണം പരിശോധിക്കുന്നതിനു വേണ്ടി പുതിയ സമ്പ്രദായം പരീക്ഷിച്ചുനോക്കാൻ തീരുമാനിച്ചത്.

(സി) ഇല്ല.

1984-85-ലെ പുതിയ പഠന കോഴ്സുകൾ

*39 [43] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കോളേജുകളിലും സർക്കാർ കോളേജുകളിലും പുതുതായി ആരംഭിക്കേണ്ട പഠനകോഴ്സുകൾക്ക് 1984-85-ൽ സ്വീകരിച്ച അപേക്ഷകൾ ഇപ്പോൾ പ്രാബല്യത്തിലുണ്ടോ;

(ബി) ഇതിൽ പ്രീഡിഗ്രി, ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേഷൻ നിലവാരത്തിലുള്ള പുതിയ ക്ലാസുകൾക്കും കോഴ്സുകൾക്കുമുള്ള അപേക്ഷകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly